കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കേളകം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/335/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി 11.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

കേളകം ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : കേളകം ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

---------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കേളകം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)

3.കാര്യാലയ പ്രതി

നം കെ. എസ്. എ. /കെ.എൻ.ആർ./സി.11/335/2019 തീയതി : 11.04.2019

# കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*********

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-06-2017 മുതൽ 08-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ എം.പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 11-03-2019 മുതൽ 19-03-2019 വരെ | ശ്രീ.ബാബുരാജ് മടപ്രത്ത് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി അന്ന എബ്രഹാം | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മൈഥിലി രമണൻ | 01-04-2017 മുതൽ<br>31-03-2018 വരെ |
| | ശ്രീ.അനിൽ കുമാർ.പി | 01-04-2017 മുതൽ<br>03-04-2017 വരെ |
| സെക്രട്ടറി | ശ്രീ.ആന്റണി.എം.എ. (ഇൻചാർജ്ജ് ) | 04-04-2017 മുതൽ<br>04-06-2017 വരെ |
| | ശ്രീ.അനിൽ കുമാർ.പി | 05-06-2017 മുതൽ<br>07-07-2017 വരെ |
| | ശ്രീ.ആന്റണി.എം.എ. (ഇൻചാർജ്ജ് ) | 08-07-2017 മുതൽ<br>30-07-2017 വരെ |
| | ശ്രീ.സുതേശൻ മമ്മാലി | 31-07-2017 മുതൽ<br>29-08-2017 വരെ |
| | ശ്രീ.ബാലകൃഷ്ണൻ.ടി.വി | 30-08-2017<br>മുതൽ14-01-2018 വരെ |
| | ശ്രീ.സന്തോഷ് കെ.ജി.(അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്) | 15-01-2018 മുതൽ<br>08-02-2018 വരെ |
| | ശ്രീ.ബാലകൃഷ്ണൻ ടി.വി. | 09-02-2018 മുതൽ<br>31-03-2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ആന്റണി.എം.എ | 01-04-2017 മുതൽ<br>04-08-2017 വരെ |
| | ശ്രീ.റെജി.പി.മാത്യു | 05-08-2017മുതൽ<br>25-10-2017 വരെ |
| | ശ്രീ.സുബ്രമണ്യൻ മുത്തത്ത് | 26-10-2017 മുതൽ<br>31-10-2017 വരെ |
| | ശ്രീ.യോഷ്വാ. എം സി | 01-11-2017മുതൽ<br>17-12-2017 വരെ |
| | ശ്രീ.സന്തോഷ് .കെ.ജി | 18-12-2017 മുതൽ |

| | | |
|---|---|---|
| | | 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഇബിന മഷൂദ് | 01-04-2017 മുതൽ<br>31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശാരിക | 01-04-2017 മുതൽ<br>28-07-2017 വരെ |
| | ശ്രീ.ജോർജ് കെ.യു | 29-07-2017 മുതൽ<br>19-08-2017 വരെ |
| | ശ്രീമതി.ശാരിക | 20-082017 മുതൽ<br>28-10-2017 വരെ |
| | ശ്രീ.ജോർജ് കെ.യു | 29-10-2017 മുതൽ<br>31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.ജാതവേദാസ് മോഹൻലാൽ | 01-04-2017 മുതൽ<br>31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ.ഡോണിയ തോമസ് | 01-04-2017 മുതൽ<br>21-12-2017വരെ |
| | ഡോ.ജിജോ | 22-12-2017 മുതൽ<br>22-03-2018വരെ |
| | ഡോ.ചിത്ര | 23-03-2018 മുതൽ<br>31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷാഹുൽ ഹമീദ് | 01-04-2017 മുതൽ<br>31-03-2018 വരെ |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ഡോ.ബീറ്റ ജോസഫ് | 01-04-2017 മുതൽ<br>31-03-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.മണി.പി.കെ | 01-04-2017 മുതൽ<br>31-03-2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ലീല.സി.സി | 01-04-2017 മുതൽ<br>08-05-2017 വരെ |
| | ശ്രീമതി.പ്രസന്നകുമാരി | 09-05-2017മുതൽ<br>31-03-2018 വരെ |
| വി.ഇ.ഒ. | ശ്രീ.മണി.കെ.എസ് | 01-04-2017 മുതൽ<br>10-05-2017 വരെ |
| | ശ്രീമതി.മിനി.സി | 11-05-2017 മുതൽ<br>31-03-2018 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 13 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു. | 2-1 |
| 14 | ഡി & ഓ ലൈസൻസ്- അപാകങ്ങൾ | 2-2 |
| 15 | തൊഴിൽ നികുതി- അപാകങ്ങൾ | 2-3 |
| 16 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ | 2-4 |
| 17 | ലൈസൻസെടുക്കാതെ നായ്ക്കളെ വളർത്തുന്നത് -ചട്ടപ്രകാരമുള്ള തുടർനടപടകൾ സ്വീകരിക്കേണ്ടതാണ്. | 2-5 |
| 18 | ഇ - ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള ₹53800 തിരികെ ലഭിക്കാനുള്ള നടപടി സ്വികരിക്കേണ്ടതാണ്. | 2-6 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | കുടിവെള്ള വിതരണം -രേഖകളിലെ പൊരുത്തക്കേടുകളും കരാറുകാരന്റെ പ്രതിഫലത്തിൽ നിന്ന് ആദായനികുതി കുറവു ചെയ്യാത്തതും സംബന്ധിച്ച് | 3-1 |

| | | |
|---|---|---|
| 20 | തെരുവു ടാപ്പുകളുടെ പ്രവർത്തന ക്ഷമത നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. | 3-2 |
| 21 | വാഹനങ്ങളുടെ ഇൻഷൂറൻസ്-സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നിർവഹിച്ചിട്ടില്ല. | 3-3 |
| 22 | ഗ്രീൻപ്രോട്ടോക്കോളിന്റെ നടത്തിപ്പ്,അജൈവ മാലിന്യങ്ങളുടെ പുനരുപയോഗം എന്നിവ സംബന്ധിച്ച്. | 3-4 |
| 23 | പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി പ്രവർത്തനരഹിതം | 3-5 |
| 24 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി-സമയബന്ധിതമായ പൂർത്തീകരണം ഉറപ്പു വരുത്തേണ്ടതാണ് | 3-6 |
| 26 | കാർഷിക പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം അധികം പിരിച്ചെടുത്തത് തിരിച്ച് നൽകിയില്ല | 3-7 |
| 27 | പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസം - നിയമാനുസൃതം പിഴ ഈടാക്കിയില്ല | 3-8 |

| | | |
|---|---|---|
| 28 | ഫൈനൽ ബില്ലിൽ നിന്നും ടെണ്ടർ കുറവ് ഈടാക്കിയില്ല- ₹2914 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. | 3-9 |
| 29 | പഞ്ചായത്ത് ഓഫീസ് രണ്ടാം നില പൂർത്തീകരണം - ഭരണസമിതി അംഗീകരിക്കാത്ത കരാറുകാരനെ പ്രവൃത്തി ഏല്പിച്ചു- ചെലവ് തുക ₹460856തടസ്സപ്പെടുത്തുന്നു | 3-10 |
| 30 | ഗുണഭോക്തൃ സമിതിയുടെ വരവ് - ചെലവ് കണക്കുകളും, ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കിയില്ല ചെലവ് തുക ₹ 65,69,258തടസ്സപ്പെടുത്തുന്നു. | 3-11 |
| 31 | ടാർ വാങ്ങിയതിന്റെ അസ്സൽ ബില്ലുകൾ ഹാജരാക്കിയില്ല - ചെലവ് തുക ₹3360846തടസ്സപ്പെടുത്തുന്നു. | 3-12 |
| 32 | റോഡ് പ്രവൃത്തികളിൽ സോളിംഗ് പ്രവൃത്തികൾ മാത്രം ഏറ്റെടുക്കൽ ഒഴിവാക്കേണ്ടതാണ്. | 3-13 |
| 33 | പ്രവൃത്തികൾക്കുള്ള പെർഫോമൻസ് ഗ്യാരണ്ടി വാങ്ങിക്കുന്നതിലെ അപാകങ്ങൾ | 3-14 |

| | | |
|---|---|---|
| 34 | പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ബാരൽ വില, ജി.എസ്.ടി എന്നിവ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ വരവ് വെക്കുന്നു | 3-15 |
| 35 | ടാർ വാങ്ങൽ ചെലവ് തുക -സംബന്ധിച്ച് | 3-16 |
| 36 | S.S.A.വിഹിതം അടവാക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-17 |
| 37 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ ചെലവ്തുക ₹ 28869 തടസ്സപ്പെടുത്തുന്നു | 3-18 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 38 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 41 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധങ്ങൾ | | |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 49 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 2-1 |
| 50 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 2-2 |
| 51 | ബാലൻസ് ഷീറ്റ് | അനുബന്ധം 2-3 |

| | | | |
|---|---|---|---|
| | | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 27-03-2017തീയതിയിലെ 107/17തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ ബജറ്റ് ഭരണസമിതി അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 23-03-2018 തീയതിയിലെ 46/2018തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 8921772 | 7296236 |
| വരവ് | 107992500 | 138062147 |
| ആകെ | 116914272 | 145358383 |
| ചെലവ് | 97956000 | 142520375 |
| നീക്കിയിരിപ്പ് | 18958272 | 2838008 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2018 | 25-05-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28-06-2018, 29-06-2018 | കെ.എസ്.എ/കെ.എൻ.ആർ/സി.11 /1042/2018 തീയതി 31-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10608548 |
| വരവ് | 55031419 |
| ആകെ | 65639967 |
| ചെലവ് | 54952756 |
| നീക്കിയിരിപ്പ് | 10687211 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12714000 | 12714000 | 11101838 | 1612162 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 513686 | 513686 | 382000 | 131686 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3564552 | 3564552 | 3561667 | 2885 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10171000 | 10171000 | 10093293 | 77707 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2912000 | 2912000 | 2823565 | 88435 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12206879 | 12206879 | 5618535 | 6588344 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1039422 | 1039422 | 1025652 | 13770 |
| സാക്ഷരത | | 22033 | 886 | 22919 | 50 | 22869 |
| ദുരിതാശ്വാസനിധി | | 9571 | 386 | 9957 | 0 | 9957 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 17088000 | 17088000 | 17088000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 997 | 798282 | 799279 | 796826 | 2453 |
| <u>കേന്ദ്രാവിഷ്കൃത ഫണ്ടുകൾ</u><br>1.അനുപൂരക പോഷകാഹാരം | | 247797 | 453713 | 701510 | 246879 | 454631 |
| 2.എം.പി.ഫണ്ട് | | 24873 | 2996 | 27869 | 0 | 27869 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1684000 | 1525000 | 3209000 | 2258999 | 950001 |
| | ജില്ലാ പഞ്ചായത്ത് | 0 | 650000 | 650000 | 650000 | 0 |
| ബി ഫണ്ട് | | 0 | 92640 | 92640 | 92640 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4515632 | 9434710 | 13950342 | 7213350 | 6736992 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 1316319 | 6251000 | 7567319 | 7527685 | 39634 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 181 | 62333275 | 132 | 40593156 | 39 | 49 | 93 | 51.38 |

നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്ത വിവരം

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 21 | 15 | 4802272 | 3097147 | 64.49 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 9 | 3873850 | 2352563 | 60.72 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 103 | 70 | 34740240 | 21067253 | 60.64 |
| 4 | കൃഷി ഓഫീസർ | 4 | 4 | 1497460 | 1007205 | 95.92 |
| 5 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 5 | 4 | 1585000 | 1006043 | 63.47 |

| | | | | | | |
|---|---|---|---|---|---|---|
| 6 | മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 384000 | 372000 | 96.87 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 115000 | 114500 | 99.56 |
| 8 | വെറ്റിനറി സർജൻ | 4 | 4 | 4246000 | 3480000 | 81.95 |
| 9 | ഹെഡ് മാസ്റ്റർ | 10 | 8 | 2258953 | 1911154 | 84.6 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 3386750 | 3038439 | 89.71 |
| 11 | വി.ഇ.ഒ. | 12 | 10 | 5443750 | 3146852 | 57.8 |
| | ആകെ | 181 | 132 | 62333275 | 40593156 | 65.12 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

സ്റ്റിയറിങ്ങ് കമ്മറ്റി - പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

പഞ്ചായത്ത് ഭരണസംവിധാനത്തിൽ സ്റ്റിയറിങ്ങ് കമ്മറ്റികളുടെ സ്ഥാനം സുപ്രധാനമാണ്. സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന നിയമപരമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ സ്റ്റിയറിങ്ങ് കമ്മറ്റി വേണ്ടത്ര ഉയർന്ന പ്രവർത്തിച്ചതായി രേഖകൾ വ്യക്തമാക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ 3 തവണ മാത്രമാണ് സ്റ്റിയറിങ്ങ് കമ്മറ്റി ചേർന്നിട്ടുള്ളത്.24.10.2017 ന് ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. നിയമാനുസൃതമായ ചുമതലകൾ നിർവ്വഹിക്കുന്ന നിലയിലേക്ക് സ്റ്റിയറിങ്ങ് കമ്മറ്റിയുടെ പ്രവർത്തനം ഉയരേണ്ടതുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക് വളരെ വലുതാണ്. അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആഴത്തിൽ പരിശോധിച്ച്, സ്ഥാപനത്തിന്റെ പ്രത്യേകതകൾക്ക് ഇണങ്ങുന്നതും ജനങ്ങൾക്ക് ആവശ്യമുള്ളതുമായ പദ്ധതികൾ രൂപീകരിക്കുകയും നിർദേശിക്കുകയും ചെയ്യുകയും പദ്ധതികളുടെ നടത്തിപ്പിന്റെ മോണിറ്ററിങ്ങ് നടത്തുകയും ചെയ്യുക എന്ന സുപ്രധാനമായ ഉത്തരവാദിത്തമാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ ഈ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കാൻ ഗ്രാമ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ ക്ക് സാധിച്ചതായി കാണുന്നില്ല. 2017-18 വർഷത്തിൽ ഒരു

തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്. വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗസംഖ്യ 15 വരെ ആകാമെങ്കിലും ഹാജർ നില തുലോം തുച്ഛമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്.

മോണിറ്ററിങ്ങ് ഫലപ്രദമല്ല.

വികേന്ദ്രീകൃതാസൂത്രണ പ്രകിയയിൽ മോണിറ്ററിങ്ങിന് ഏറെ പ്രാധാന്യമുണ്ട്. ഏറ്റെടുത്തു നടപ്പാക്കുന്ന പദ്ധതികളുടെ ഫലദായകത്വം ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ മോണിറ്ററിങ്ങ് അനിവാര്യമാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തന്നെ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ അവസ്ഥ ഒട്ടും തൃപ്തികരമല്ല. മരാമത്ത് മേഖലയിലെ പ്രോജക്ടുകൾ ഉൾപ്പെടെ മിക്ക പ്രോജക്ട് ഫയലുകളിലും മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ടും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രവും ഉൾക്കൊള്ളിച്ചിട്ടില്ല. ചെലവഴിക്കപ്പെടുന്ന പൊതുധനത്തിന്റെ ഫലപ്രദമായ ഉപയോഗം ഉറപ്പു വരുത്തുന്ന രീതിയിലേക്ക് മോണിറ്ററിങ്ങ് സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 17088000 | 17088000 | 17088000 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 997 | 798282 | 799279 | 796826 | 2453 |
| ആകെ | 997 | 17886282 | 17887279 | 17884826 | 2453 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2640 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 1165300 | 99 |
| വിധവാപെൻഷൻ | 6001400 | 503 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 19330700 | 1578 |
| വികലാംഗപെൻഷൻ | 2616100 | 209 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 198100 | 16 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-03-2019 ന് കാലത്ത് 11.30 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7256 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. ജീവനക്കാർക്കിടയിൽ ജോലികൾ കാര്യക്ഷമമായി വിഭജിച്ച് നൽകിയിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽൽ ജോലി വിഭജനത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതായും കാണുന്നു.

ജോലി പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ 2017-18 വർഷത്തിൽ മെയ്, ഓഗസ്റ്റ്, ഡിസമ്പർ, ജനുവരി, മാർച്ച് മാസങ്ങളിൽ മാത്രമാണ് ചേർന്നിട്ടുള്ളത്. നികതി പിരിവ്, ഫണ്ട് വിനിയോഗം, സേവന പ്രദാനത്തിലെ പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്ത് പുരോഗതി വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ എല്ലാ മാസങ്ങളിലും ചേരേണ്ടതുണ്ട്. പൊതു ജനങ്ങൾക്കുള്ള സേവനങ്ങൾ നിശ്ചിത സമയ പരിധിക്കകം ലഭ്യമാക്കി വരുന്നതായി പൊതുവായ പരിശോധനയിൽ ബോധ്യപ്പെടുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നതിനുള്ള 2017-18 വർഷത്തെ പ്രോജക്ട് നം.152 /18 പ്രകാരം തുകയൊന്നും ചെലവഴിക്കുകയുണ്ടായില്ല. കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ)ചട്ടങ്ങൾ 2004 2(1) പ്രകാരം ഭരണ സമിതി അധികാരമേറ്റ് 6 മാസത്തിനകം പൗരാവകാശ രേഖ സ്ഥാപനം പ്രസിദ്ധീകരിക്കേണ്ടതാണ്. 2018-19 വർഷം പൗരാവകാശ രേഖയുടെ പ്രസിദ്ധീകരണം നടന്നിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-01-2019 മുതൽ<br>17-01-2019 വരെ | 01-08-2018 മുതൽ<br>31-12-2018 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-06-2006മുതൽ<br>14-06-2006 വരെ | 01-04-2001 മുതൽ<br>31-03-2002 വരെ (2001-02) | 07-07-2006 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ.

1)വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങളും പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെയും കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2)ഗ്രാമ പഞ്ചായത്ത് നൽകിയ കേളകം സർവീസ് സഹകരണ ബേങ്കിന്റെ 11642 dtd 08-08-2017 ലെ ₹700/- ന്റെ ചെക്ക് മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്യാതിരിന്നിട്ടും തുക കാലാവധി കഴിഞ്ഞ ചെക്കുകൾ(Liability in respect of Stale cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

3)ഡെപ്പോസിറ്റ് റജിസ്റ്ററിൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ ഇനം തിരിച്ച് രേഖപ്പെടുത്തുന്നില്ല. വാർഷിക സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

5)2016-17 ലെ B-15 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതി (ട്രേഡേഴ്സ്) കുടിശ്ശിക തുക ₹5360/- ആണ്. എന്നാൽ തൻവർഷം ₹13880/-പിരിച്ചെടുത്തിരിക്കുന്നു. ₹8520/- അധികം പിരിച്ചെടുത്തിരിക്കുന്നു.

6)2016-17 ലെ B-15 ഷെഡ്യൂൾ പ്രകാരം ഡി & ഒ ലൈസൻസ് കുടിശ്ശിക തുക ₹3250/- ആണ്. എന്നാൽ തൻവർഷം ₹6200/-പിരിച്ചെടുത്തിരിക്കുന്നു. അധികം പിരിച്ചെടുത്ത തുകയുടെ വിവരം ലഭ്യമാക്കിയില്ല.

7)ഡി & ഒ ലൈസൻസ് രജിസ്റ്റർ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8)പെർമിറ്റ് ഫീയും റഗുലറൈസേഷൻ ഫീയും കൂടിയുള്ള രജിസ്റ്ററിലെ ആകെ തുക (₹175661/-) വാർഷിക ധനകാര്യപത്രികയിലെ (₹175811) തുകയുമായി പൊരുത്തപ്പെടുന്നില്ല.

9)Sale of usefructs ഡിമാന്റ് രജിസ്റ്റർ സെക്രറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10)തൻവർഷ ബസ്സ്റ്റാന്റ് ഫീയുടെ റജിസ്ററർ പ്രകാരമുള്ള ഡിമാന്റ് ,കലക്ഷൻ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 2018-19 വർഷത്തേക്കുള്ള അഡ്വാൻസ് കലക്ഷൻ തുക തൻവർഷ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

11)Rent on buildings റജിസ്ററർ പ്രകാരമുള്ള തുകയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയും തമ്മിൽ ₹36/- വ്യത്യാസം കാണുന്നു.

12)വസ്തു നികുതി ഡിമാന്റ് (I-1) കലക്ഷൻ (RP-43)എന്നിവ സഞ്ചയയിലെ ഡിമാന്റും കലക്ഷനുമായും B-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കാനുള്ള തുക സഞ്ചയ പ്രകാരമുള്ള ബാലൻസ് തുകയുമായും പൊരുത്തപ്പെടുന്നില്ല.

13)മുൻ വർഷത്തെ B-15 ഷെഡ്യൂൾ പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക തൻവർഷ സഞ്ചയ കുടിശ്ശിക കലക്ഷനുമായും പൊരുത്തപ്പെടുന്നില്ല.

14)I-18 പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് കുറവ് വരുത്തിയ തുകക്ക് ആധികാരികമായ രേഖകളില്ല.

15)നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും ബിൽ മാറിയ തുക നിക്ഷേപിക്കുന്നതിനായി ആരംഭിച്ച കേരള ഗ്രാമീണ ബേങ്കിന്റെ കേളകം ശാഖയിലെ എസ്.ബി അക്കൗണ്ടിലാണ് (KGB PLAN S.B. 40441100008661) ഐ.സി.ഡി.എസിനായി ലഭിച്ച തുകയും 2016-17 ൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് വിഹിതമായ ₹16,50,000/-സ്പെഷൽ ടി.എസ്.ബി. ജോയന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും 30-03-2017 ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തും നിക്ഷേപിച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ 31-03-2018 ൽ ₹16,05,013/- നീക്കിയിരിപ്പുണ്ട്.

16)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുകയായി മുൻവർഷം രേഖപ്പെടുത്തിയ തുക പ്രവൃത്തി പൂർത്തീകരിച്ചിട്ടും ആസ്തിയിലേക്ക് വരവ് വെച്ചിട്ടില്ല.

17)സ്പെഷൽ ടി.എസ്.ബി അക്കൗണ്ടുകളിൽ നിന്നും സർക്കാർ തിരിച്ചെടുത്ത തുക B-15 ഷെഡ്യൂളിൽ ലഭിക്കാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടില്ല.

18)ബാങ്ക് ബുക്ക് ,ബാങ്ക് പാസ്സ്ബുക്ക് എന്നിവയിലെ നീക്കിയിരിപ്പ് തുക പ്രതിമാസം പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

19)B-11 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്ന വിധത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

20)സംയുക്ത പ്രോജക്ടുകൾക്കും മറ്റ് പ്രത്യേക ഉദ്ദേശ്യങ്ങൾക്കും ലഭിച്ച തുകകൾ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

21)മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കണക്കുകളിലെ RP-31 പ്രകാരമുള്ള വരവും RP-16 പ്രകാരമുള്ള ചെലവ് തുകയും ചെക്ക് ഇഷ്യൂ റജിസ്റ്റർ

പ്രകാരമുള്ള തുകയും യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ്മായും പൊരുത്തപ്പെടുന്നില്ല. കൂടാതെ ഇ.എഫ്.എം.എസ് പ്രകാരം വന്ന തുകയുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം3 ഉപചട്ടം1, 2 എന്നിവ പ്രകാരം താഴെപ്പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടുപോകുന്നതോ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232-ാം വകുപ്പുപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ, അസഹ്യതയുളവാക്കുന്ന ഒരു പ്രവൃത്തിയായിരിക്കുന്നതാണ്

(1) കന്നുകാലി ഫാം : അഞ്ച് മൃഗങ്ങൾ
(2) ആട് ഫാം : ഇരുപത് മൃഗങ്ങൾ
(3) പന്നി ഫാം :അഞ്ച് മൃഗങ്ങൾ
(4)മുയൽ ഫാം :ഇരുപത്തിയഞ്ച് മൃഗങ്ങൾ
(5)പൗൾട്രി ഫാം : നൂറ് പക്ഷികൾ

സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും, അപ്രകാരമുള്ള ലൈസൻസിലും ഈ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും (1)-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ഫാമുകൾ 2017-18 സാമ്പത്തിക വർഷം ചട്ടം 3, ഉപചട്ടം 2 പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | ഫാമിന്റെ പേര് |
|---|---|
| 1 | റാണാ പിഗ് ഫാം |
| 2 | ഏമ്പൽ കോഴി ഫാം(1500 എണ്ണം) |
| 3 | അന്ന പൗൾട്രി ഫാം(1500 എണ്ണം) |
| 4 | തനിമ ഫാം(1000 എണ്ണം) |
| 5 | നാട്ടുവാഴി ചിക്കൻ ഫാം |

മേൽ അപാകം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/16-03-2019) ഫാമുകളെ ചട്ടം 3, ഉപചട്ടം 2 പ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി അറിയിച്ചിട്ടുണ്ട്. ലൈവ് സ്റ്റോക്ക് ഫാമുകളെ ചട്ടം 4 പ്രകാരം അവയിലെ ജീവികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ചട്ടം 7, ഉപചട്ടം 3 ലെ പട്ടിക പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

## 2-2 ഡി & ഓ ലൈസൻസ്- അപാകങ്ങൾ

കേളകം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഡി&ഓ ലൈസൻസ് അപേക്ഷകളും ഡിമാൻഡ് രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ഡി&ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിലുള്ള റേഷൻഷോപ്പുകൾ,അക്ഷയകേന്ദ്രങ്ങൾ എന്നിവ 2017-18 സാമ്പത്തിക വർഷം ഡി ആൻഡ് ഒ ലൈസൻസ് എടുത്തിട്ടില്ല.ഒ പഞ്ചായത്ത് പരിധിയിലുള്ള, എല്ലാ സ്ഥാപനങ്ങളും 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുശാസിക്കും വിധം ഡി&ഒ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2.ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.

സഞ്ചയ സോഫ്റ്റ് വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ 1206 കെട്ടിടങ്ങളുണ്ട്. എന്നാൽ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകൾ 418 എണ്ണം മാത്രമാണ്. ഒന്നിൽക്കൂടുതൽ കെട്ടിടങ്ങൾ ഒരു വാണിജ്യാവശ്യത്തിനായി ഡി & ഒ ലൈസൻസ് എടുക്കാമെങ്കിലും, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ എണ്ണത്തിലും വാണിജ്യാവശ്യത്തിനായുള്ള ഡി & ഒ ലൈസൻസ് അപേക്ഷകളുടെ എണ്ണത്തിലുമുള്ള ഈ പ്രകടമായ വ്യത്യാസം പരിഗണിക്കപ്പെടേണ്ടതാണ്. വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രാദേശിക പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

3.ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പഞ്ചായത്തിന് ലൈസൻസ് അനുവദിക്കുമ്പോഴും പുതുക്കുമ്പോഴും പട്ടിക ll ന്റെ ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. പട്ടികll ൽ ദൈനംദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ സജ്ജ കെ.എസ്. എന്നയാളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈനംദിന വിറ്റുവരവിന് ആനുപാതികമായ ഫീസല്ല ഈടാക്കിയിരിക്കുന്നത്.

| അപേക്ഷാ | ലൈസൻ | അപേക്ഷകൻ | ലൈസൻസ് ഫീ | കുറവ് |
| --- | --- | --- | --- | --- |

| നമ്പർ | സിയുടെ പേര്, വാണിജ്യ ഇനം | രേഖപ്പെടുത്തിയ വിറ്റുവരവ് ₹ | ഈടാക്കേണ്ടത് ₹ | ഈടാക്കിയത് ₹ | ₹ |
|---|---|---|---|---|---|
| 401 | ശ്രീ.സജ്ജു കെ .എസ്. ,പാചകവാതകം വിതരണം ചെയ്യുന്ന ഓഫീസ് -കേളകം ഇൻഡോൾ | 1,50,000 (അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല) | 4,000 | 500+125(B.F.) (104959/23.3.18) | 4,375 |

കുറവ് വന്ന ₹ 4,375 ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(4) അന്വേഷണ റിപ്പോർട്ടുകളിൽ ദൈനംദിന വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല.

2017-18വർഷത്തെ ഡി.&ഒ. ലൈസൻസ് അപേക്ഷകളിലെ അന്വേഷണ റിപ്പോർട്ടുകളിൽ ദൈനംദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈടാക്കിയ ലൈസൻസ് ഫീയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(5)ഡി.&ഒ ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2017-18 വർഷത്തെ ഡി.&ഒ ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 2-3 തൊഴിൽ നികുതി- അപാകങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.എന്നാൽ താഴെപ്പറയുന്ന വിഭാഗത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

(എ)അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാർ

കേളകം പഞ്ചായത്തിൽ വിവിധ ആവശ്യത്തിനുവേണ്ടി ഹാജരാക്കിയിരിക്കുന്ന ബിൽഡിംഗ്

പ്ലാനുകൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ നിരവധി അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാർ ജോലി ചെയ്യുന്നുണ്ടെന്ന് കണ്ടു. ആയവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിലേക്കായി പഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ/എഞ്ചിനീയർമാരുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(ബി)കരാറുകാർ

2017-18 വർഷത്തെ പബ്ലിക്ക് വർക്ക് എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കോൺട്രാക്ടർമാർ ഗ്രാമപഞ്ചായത്തിന്റെ കരാർ പ്രവർത്തികൾ എറ്റെടുത്തു നടത്തിയിട്ടുണ്ട്.

| ക്രമ നം | പേര് |
|---|---|
| 1 | ശ്രീ.ജെയിംസ് കണ്ണന്താനം |
| 2 | ശ്രീമതി.സാലി പോൾ |
| 3 | ശ്രീ.പി.കെ.യൂസഫ് |
| 4 | ശ്രീ.രഘു എ.ആർ. |
| 5 | ശ്രീ.കെ.സി.ജോസഫ് |
| 6 | ശ്രീ.ഷോളി എ.ജെ. |
| 7 | ശ്രീ.പോൾ കണ്ണംതാനത്ത് |
| 8 | ശ്രീ.റോജർ ജോയി |
| 9 | ശ്രീ.ഉലഹന്നാൻ |
| 10 | ശ്രീ.ജോസഫ് എൻ.സി. |
| 11 | ശ്രീ.കെ.ജെ.മാത്യു |
| 12 | ശ്രീ.സി.എം.പൈലി |

കേളകം പഞ്ചായത്തിലെ അംഗീകൃത കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

(സി) പഞ്ചായത്തുപരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ,അഡ്വക്കേറ്റ്സ് ഉൾപ്പെടെയുള്ള എല്ലാ പ്രൊഫഷണൽസിന്റെയും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(എ) ഇൻഫന്റ് ജീസസ് അക്കാദമി,കേളകം എന്ന ട്യൂട്ടോറിയൽ സ്ഥാപനം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

(ബി) പഞ്ചായത്ത് പരിധിയിലുള്ള റേഷൻ ഷോപ്പുകൾ സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഒടുക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-4 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ

1. ബിൽഡിംഗ് റഗുലറൈസേഷന പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഫീസ് ഇനത്തിൽ ₹ 62,235 ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും, ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ കൃത്യതയോട് കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം

കേളകം പഞ്ചായത്തിന്റെ പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട നിർമ്മാണം പൂർത്തിയായ തിയതി, അസസ്സ്മെന്റ് നമ്പർ, പെർമിറ്റ് പുതുക്കൽ,പെർമിറ്റ് നീട്ടൽ എന്നീ വിവരങ്ങൾ ചേർത്തിട്ടില്ല.2011 ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ,ചട്ടം 17 പ്രകാരം ഒരു ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി 3 വർഷത്തേക്കാണ്. പെർമിറ്റിന്റെ സാധുതാ കാലയളവിനുള്ളിൽ അപേക്ഷിച്ചാൽ പെർമിറ്റ് നീട്ടിനൽകാവുന്നതും കാലാവധിക്കുശേഷം അപേക്ഷിക്കുമ്പോൾ പുതുക്കി നൽകാവുന്നതുമാണ്.പെർമിറ്റ് നീട്ടിനൽകുന്നതിനുള്ള ഫീസ്,അതത് സമയം പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ 10% വും പെർമിറ്റ് പുതുക്കൽ ഫീസ് 50% വും ആണ്. പെർമിറ്റ് രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കുന്നതുമൂലം കാലാവധിക്കുശേഷവും പെർമിറ്റ് പുതുക്കാതെ നിർമ്മാണം തുടരുന്നുണ്ടോയെന്ന് അറിയാൻ കഴിയില്ല.ബന്ധപ്പെട്ട ഫീസിനത്തിലുള്ള കൃത്യതയും കണക്കാക്കാനാവില്ല.ആയതിനാൽ പെർമിറ്റ് രജിസ്റ്റർ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 അനുശാസിക്കും പ്രകാരം പരിപാലിക്കേണ്ടതാണ്.

## 2-5 ലൈസൻസെടുക്കാതെ നായ്ക്കളെ വളർത്തുന്നത്-ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1998 ലെ കേരളാ പഞ്ചായത്തിരാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3,ഉപചട്ടം 1 പ്രകാരം ലൈസൻസ് കൂടാതെ ഗ്രാമപഞ്ചായത്തു പ്രദേശത്തു യാതൊരാളും പട്ടികളെ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ല. ചട്ടം 4, ഉപചട്ടം 7 പ്രകാരമുള്ള രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൽ 23 നായ്ക്കൾക്ക് മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. എന്നാൽ വെറ്റിനറി സർജൻ ഹാജരാക്കിയ രേഖകൾ പ്രകാരം 460 നായ്ക്കൾക്ക് 2017-18 വർഷം പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധകുത്തിവയ്പ്പ് എടുത്തിട്ടുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിലുള്ള ഭൂരിഭാഗം നായ്ക്കൾക്കളെയും ലൈസൻസ് ഇല്ലാതെയാണ് വളർത്തുന്നതെന്ന് അനുമാനിക്കാം.ചട്ടം 5, ഉപചട്ടം 1,2 എന്നിവ പ്രകാരം ലൈസൻസില്ലാതെയോ, ലൈസൻസുണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ, അലഞ്ഞുതിരിയാൻ അനുവദിച്ചുകൊണ്ടോ പട്ടിയെ വളർത്തുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനത്തിൽമേൽ 250 രൂപയും കുറ്റകൃത്യം തുടരുന്ന സംഗതിയിൽ ഓരോ ദിവസത്തേക്കും 50 രൂപ വീതവും പിഴ ചുമത്താവുന്നതാണ്.ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴവൻ വളർത്തു നായ്ക്കളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഇ - ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള ₹53800 തിരികെ ലഭിക്കാനുള്ള നടപടി സ്വികരിക്കേണ്ടതാണ്.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട17 മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടർ മുഖേനയാണ് നടപ്പിലാക്കിയത്. ഇ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ട് മുഖേനയാണ്. ആയതിനാൽ പ്രസ്തുത ടെണ്ടറുകളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത് . ആയത് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. 2017-18 ൽ ടെണ്ടർ ഫീയിനത്തിൽ ₹53800 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. പ്രസ്തുത തുകയും മുൻവർഷങ്ങളിൽ ലഭിക്കാനുള്ള തുകയും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള വിതരണം -രേഖകളിലെ പൊരുത്തക്കേടുകളും കരാറുകാരന്റെ പ്രതിഫലത്തിൽ നിന്ന് ആദായനികുതി കുറവ് ചെയ്യാത്തതും

സംബന്ധിച്ച്

2017 മെയ് 5 മുതൽ 28 വരെ തീയതികളിലായി കേളകം ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ കരാറുകാരനായ ശ്രീ.കെ.കബീറിന് പ്രതിഫലമായി 1,85, 009 രൂപ വൗച്ചർ നം. 21700264/22.7.2017 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകളിൽ താഴെപ്പറയുന്ന പൊരുത്തക്കേടുകൾ കാണപ്പെട്ടു.

1) ട്രിപ്പ് ഷീറ്റ് പ്രകാരം കരാറുകാരൻ 27.05.2017, 28.05.2017 തീയതികളിൽ യഥാക്രമം 111,110 കിലോമീറ്റർ വാഹനമോടിക്കുകയും കുടിവെള്ളം വിതരണം ചെയ്യുകയുമുണ്ടായിട്ടുണ്ട്. എന്നാൽ വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ പ്രകാരം ഈ തീയതികളിൽ ഒരു വാർഡിലും കുടിവെള്ള വിതരണം നടന്നിട്ടില്ല.

2) ട്രിപ്പ് ഷീറ്റനുസരിച്ച് കരാറുകാരൻ ഒരു ദിവസം ശരാശരി 6 കേന്ദ്രങ്ങളിൽ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ വാർഡുമെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ പ്രകാരം 1 മുതൽ 4 വരെ കേന്ദ്രങ്ങളിൽ മാത്രമാണ് കുടിവെള്ള വിതരണം നടന്നിട്ടുള്ളത്. ഉദാഹരണമായി 5.5.2017 ന് (ട്രിപ്പ് ഷീറ്റ് പ്രകാരം) കരാറുകാരന്റെ വാഹനം 112 കി.മീറ്റർ ഓട്ടുകയും അടയ്ക്കാത്തോട്, നാരങ്ങാത്തട്ട്, പൊയ്യ മല, വെണ്ടേക്കുംചാൽ, ചെട്ട്യാംപറമ്പ്, ശാന്തിഗിരി റോഡ് എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ 6-ാം വാർഡ് മെമ്പർ മാത്രമാണ് ടി തീയതിയിൽ കുടിവെള്ള വിതരണം നടന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

3) ആദായ നികുതി നിയമത്തിലെ വകുപ്പ് 194 C പ്രകാരം കരാർ അടിസ്ഥാനത്തിൽ നിർവ്വഹിക്കപ്പെടുന്ന ഒരു പ്രവൃത്തിയുടെ പ്രതിഫലം നൽകുമ്പോൾ പ്രതിഫലത്തുകയുടെ 1% ആദായ നികുതിയായി ഉറവിടത്തിൽ നിന്നും കുറവു ചെയ്ത് ഒടുക്കേണ്ടതാണ്. ഈ കുറവ് വരുത്തിയിട്ടില്ല.ൽ ഈ തുക ഈടാക്കി ഒടുക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-2 തെരുവു ടാപ്പുകളുടെ പ്രവർത്തന ക്ഷമത നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന 118 തെരുവു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 58,625/- രൂപയാണ് കേരള വാട്ടർ അതോറിറ്റിക്ക് 2017-18 വർഷത്തിൽ പ്രതിമാസം ഒടുക്കി വന്നത്. വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള സംയുക്ത പരിശോധന 2018-19 വർഷത്തിലാണ് നടത്തിയത്. തെരുവു ടാപ്പുകളിൽ 110 എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവയുടെ വെള്ളക്കരമായി 48125/- രൂപയാണ് നിലവിൽ ഒടുക്കി വരുന്നത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഗ്രാമപഞ്ചായത്ത് അറിയിക്കുകയുണ്ടായി. ഇത്തരം പരിശോധനകൾ നിശ്ചിത ഇടവേളകളിൽ നടത്തി പ്രവർത്തന ക്ഷമത ഉറപ്പു വരുത്താനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്.

## 3-3 വാഹനങ്ങളുടെ ഇൻഷുറൻസ് സംസ്ഥാന ഇൻഷുറൻസ് വകുപ്പ്

**മുഖേന നിർവഹിച്ചിട്ടില്ല.**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL - 58 - J 5050 നമ്പർ വാഹനത്തിന്റെ 21. 11. 2017 മുതൽ ഒരു വർഷത്തേക്കുള്ള ഇൻഷ്വറൻസ് പ്രീമിയം തുകയായ 17882/- രൂപ വൗച്ചർ നം. 21700506, തീയതി 14. 11. 2017 പ്രകാരം ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിക്ക് ഒടുക്കുകയുണ്ടായി. സർക്കാർ വകുപ്പുകളുടെ ഇൻഷ്വറൻസ്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവ്വഹിക്കേണ്ടതാണെന്ന വ്യവസ്ഥ (ജി.ഒ.(പി).819/2000 തീ.18.04.00) പാലിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ തുടർ വർഷം വാഹനത്തിന്റെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് നിർവ്വഹിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം യഥാസമയം പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-4 ഗ്രീൻ പ്രോട്ടോക്കോളിന്റെ നടത്തിപ്പ്, അജൈവ മാലിന്യങ്ങളുടെ പുനരുപയോഗം എന്നിവ സംബന്ധിച്ച്.

പഞ്ചായത്ത് രാജ് നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും., കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടപ്രകാരവും ജൈവ / അജൈവ മാലിന്യ നിർമാർജനവും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുകയും ഇതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ഹരിത കർമസേന രൂപീകരിച്ച് വീടുകളിൽ നിന്നും അജൈവ മാലിന്യം വളണ്ടിയർമാർ മുഖേന ശേഖരിച്ചു വരുന്നുമുണ്ട്.ഈ ആവശ്യത്തിലേക്കായി വീടുകളിൽ നിന്നും ഫീസ് ഈടാക്കുകയും വളണ്ടിയർമാർക്ക് വേതനം നിശ്ചയിച്ച് നൽകി വരുന്നതായും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ശേഖരിച്ചു വരുന്ന മാലിന്യങ്ങൾ നിലവിൽ സംസ്കരിച്ചു തുടങ്ങിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചെട്യാം പറമ്പിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് ഷ്റെഡിങ്ങ് മെഷീൻ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ട് എങ്കിലും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കഴുകി വൃത്തിയാക്കി കൈമാറുന്നത് സംബന്ധിച്ച് ക്ലീൻ കേരള മിഷനുമായി കരാറിൽ ഏർപ്പെടാനുള്ള നടപടികൾ പഞ്ചായത്ത് ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

ഗ്രീൻ പ്രോട്ടോക്കോൾ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്ത് വരുന്നതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ ഡി.ബി. 3. / 4620 / 12/സി.ഇ./തസ്വഭവ തീയതി 18.05.2016 നംപർ സർക്കുലർ, സ.ഉ (സാധാ) നം. 3119/2016/തസ്വഭവ, തീയതി 17.11.2016 ഉത്തരവ് എന്നിവയിലെ നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക അടങ്കൽ തുകയുടെ 10%, ഷ്റെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർ ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അനുദിനം വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ ഫലപ്രദമായ പുനരുപയോഗം കൂടി ഇതിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലെ റോഡ് ടാറിങ്ങ് പ്രവൃത്തികൾക്ക് ഷ്റെഡഡ് പ്ലാസ്റ്റിക്ക് നിലവിൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല.ൽ ക്ലീൻ കേരളാ മിഷനുമായുള്ള കരാർ നടപടികൾ

പൂർത്തിയാക്കി മാലിന്യങ്ങൾ കൈമാറി ഒരേ സമയം തന്നെ മാലിന്യ നിർമാർജ്ജനം, അവയുടെ ഫലപ്രദമായ പുനരുപയോഗം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി പ്രവർത്തനരഹിതം

ഗ്രാമ പഞ്ചായത്തിൽ കേരളാ പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം, അസുഖങ്ങൾ, അപകടം തുടങ്ങിയവയുടെ ഭാഗമായി പ്രയാസങ്ങൾ അനുഭവിക്കുന്ന ദുർബല ജനവിഭാഗങ്ങൾക്ക് അടിയന്തിരമായി ആശ്വാസം നൽകുന്നതിനാണ് ഈ നിധി രൂപീകരണം കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ നിധിയിൽ തൻവർഷം അക്കൗണ്ടിലെ പലിശ ഒഴിച്ച് മറ്റു വരവോ ചെലവുകളോ ഇല്ല. നിർദ്ദിഷ്ട ലക്ഷ്യം നിർവഹിക്കപ്പെടുന്ന നിലയിലേക്ക് ഈ സംവിധാനത്തെ ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്.

## 3-6 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി-സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ വരുത്തേണ്ടതാണ്

പൂവത്തിൽ ചോല കുടിവെള്ള പൈപ്പ് ലൈലൻ നീട്ടൽ (പ്രോജക്ട് നം.163/2018) പ്രവൃത്തിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ നിന്ന് 200000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ല. പ്രവൃത്തിയുടെ വർക്ക് ഓർഡർ ഇതിനകം നൽകിക്കഴിഞ്ഞതായും പ്രവൃത്തി ആരംഭിച്ചിട്ടുള്ളതായും ജല അതോറിറ്റി അറിയിച്ചിട്ടുള്ളതായി വ്യക്തമാക്കുകയുണ്ടായി. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്ന കാര്യത്തിൽ ആവശ്യമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

## 3-7 കാർഷിക പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം അധികം പിരിച്ചെടുത്തത് തിരിച്ച് നൽകിയില്ല

2017-18 വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ട് 12/18- കശുമാവ് തൈ വിതരണം:- ഈ പ്രോജക്ടിനുവേണ്ടി ₹24675 ഗുണഭോക്തൃ വിഹിതമായി (രശീതി ബുക്ക് നമ്പർ 32604) പിരിച്ചെടുത്തിട്ടുണ്ട് . എന്നാൽ പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം വകയിരുത്തുകയോ ചെലവ് ചെയ്യുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/ 15-03-2019 നുള്ള മറുപടിയിൽ തുക ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. പ്രസ്തുത തുക സബ്സിഡിയറി രജിസ്റ്ററിൽ വരവും ചെലവും കാണിച്ചിട്ടുണ്ടെങ്കിലും ആർക്കൊക്കെ നൽകി എന്ന് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ₹19925 വിതരണം ചെയ്തതിന്റെ അസ്സൽ രശീതികളും കൈപ്പറ്റും ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. തുകതിരിച്ച് നൽകിയിരിക്കുന്നത് 2018-19 സാമ്പത്തിക വർഷമാണ്. ആയതിനാൽ മുഴുവൻ രേഖകളും അടുത്ത വർഷത്തെ ഓഡിറ്റിൽ പരിശോധനക്ക് നൽകേണ്ടതാണ്.

2. പ്രോജക്ട് 10/18 – പച്ചക്കറിക്ക് ഗ്രോബാഗ് വിതരണം (വനിത)

അടങ്കൽ – ₹ 1,30,000

ചെലവ് – ₹ 1,29,000

ബിൽ നം.05/17-18 തീ.28.03.18

മേൽ പ്രൊജക്ടിനുവേണ്ടി കാവോട് റബ്ബർ & ഗാർഡൻ നഴ്സറി,കേളകം എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ പ്രകാരം തൈകൾ അടക്കമുള്ള ഗ്രോബാഗ് ഒന്നിന് ₹ 80/- നിരക്കിൽ 2150 എണ്ണം വാങ്ങിയിട്ടുണ്ട്.ഒരു ഗുണഭോക്താവിന് 25 വീതം 86 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.പഞ്ചായത്തിൽ നിന്ന് പരമാവധി നൽകുന്ന 75% സബ്സിഡി തുകയായ ₹1,29,000 നൽകി.ഗുണഭോക്താവിന് ഒന്നിന് ₹ 20 പ്രകാരം 25 ബാഗിന് ₹ 500 ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കേണ്ടതിന് പകരം 86 പേരിൽ നിന്നും ₹49500 പിരിച്ചെടുത്തിട്ടുണ്ട്. 13 പേരിൽ നിന്നും ₹500 വീതം അധികം (രശീതി ബുക്ക് നമ്പർ 32604, 32605)പിരിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകാൻ നടപടി സ്വീകരിച്ച് വരുന്നുണ്ട് എന്നാണ് ഓഡിറ്റ് എൻക്വയറി നം 8/ 15-03-2019 നുള്ള മറുപടിയിൽ അറിയിച്ചത്. ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസം - നിയമാനുസൃതം പിഴ ഈടാക്കിയില്ല

സ.ഉ.(പി) നമ്പർ 13/2012 പി.ഡബ്ല്യൂ.ഡി. തീയതി 01-02-2012 ഉത്തരവിലെ വ്യവസ്ഥ 2112-1 പ്രകാരം കരാറുകാരന്റെ ഭാഗത്തുനിന്നുള്ള പിഴവ് മൂലം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ ദീർഘിപ്പിക്കേണ്ടി വന്നാൽ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ഉത്തരവിലെ ഖണ്ഡിക 2112 പ്രകാരം യഥാർത്ഥത്തിലുള്ള പ്രവൃത്തി പൂർത്തീകരണ സമയത്തിന്റെ 25% മാത്രമേ ഒരു പ്രാവശ്യം ദീർഘിപ്പിച്ച് നൽകാവൂ. ഇത്തരത്തിൽ പരമാവധി പൂർത്തീകരണ സമയത്തിന്റെ പകുതി വരെ സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇതിന് പിഴയീടാക്കുമ്പോൾ ആദ്യത്തെ 25 ശതമാനത്തിന് 1%വും അടുത്ത 25 ശതമാനത്തിന് 2%-വും പിഴ ഈടാക്കേണ്ടതാണ്. 2015-16, 2016-17 വർഷം ടെണ്ടർ ചെയ്ത പ്രവൃത്തികൾക്ക് പൂർത്തീകരണ കാലാവധി 6 മാസമാണ് നിശ്ചയിച്ചത്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ കൊടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ ഉത്തരവു പ്രകാരം അനുവദനീയമായതിലും കൂടുതൽ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് മതിയായ കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കരാറുകാരൻ കൃത്യ സമയത്ത് അപേക്ഷ നൽകുകയോ ആയത് ഭരണസമിതി അംഗീകരിക്കുകയോ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നം | കരാറുകാരൻ/ കൺവീനർ ടെണ്ടർ നിരക്ക് (PAC) | എഗ്രിമെൻറ് വിവരം | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തീയതി | എം ബുക്ക് നം/ പൂർത്തിയാക്കിയ തീയതി | പൂർത്തിയാക്കാനെടുത്ത കാല താമസം | ഈടാക്കേണ്ടിയിരുന്ന പിഴ, തുക നൽകിയ ബിൽ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | നമ്പർ തീയതി, തുക |
| 1 | 107/18-മേലെ കണ്ടംതോട് അംഗൻവാടി പൂർത്തീകരണം | ₹208000 ശ്രീ.അബ്രഹാം കൺവീനർ | AE/LSGD /KLM/67/ 15-16 dtd 03-03-2016 | 6 മാസം 02-09-16 | 67/15-16 27-03-17 | 6മാസം 26 ദിവസം | ₹6240 (3%) 01/17-18 dtd 18-07-17 ₹207011 |
| 2 | 101/18- അടക്കാത്തോട് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിൽ ജല സൗകര്യമൊരുക്കൽ | ₹100000 ശ്രീ. ഷോജി. എ.ജെ- കരാറുകാരൻ | AE/LSGD /KLM/55/ 15-16 dtd 29-02-2016 | 6 മാസം 31-08-16 | 29/03/17 | 6മാസം 29 ദിവസം | ₹3000 (3%) 05/17-18 dtd 18-07-17 ₹99008 |
| 3 | 103/18- പൂക്കുണ്ട് അംഗൻവാടി ചുറ്റുമതിൽ | ₹100000 ശ്രീമതി. സാലി പോൾ കണ്ണന്താനം | AE/LSGD /KLM/55/ 15-16 dtd 01-10-2015 | 6 മാസം 31-03-16 | 32/15-16 30-06-16 | 3മാസം | ₹3000 (3%) 30/17-18 dtd 30-08-17 ₹85180 |
| | | | | ആകെ | | | 12240 |

മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലതാമസത്തിനുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല. ആയതിന് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (12/16-03-2019)

